**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 126** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ.പി.സി.സി അധ്യക്ഷനും പ്രതിപക്ഷ നേതാവിനും എതിരെ പോലീസിന്റെ വധശ്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിഷേധ സമരം നടത്തുന്ന ആൾക്കൂട്ടത്തെ പിരിച്ചുവിടുന്നതിനായി ഗ്രനേഡ് ഉൾപ്പെടെയുള്ള ആയുധങ്ങൾ പ്രയോഗിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും മാർഗനിർദ്ദേശങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരളാ പോലീസ് മാനുവൽ വാല്യം രണ്ടിൽ, ചാപ്റ്റർ II-ലെ സെക്ഷൻ IV-ൽ റൂൾ 239 മുതൽ 243 വരെയുള്ള ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട്, ആവശ്യമായ മുന്നറിയിപ്പുകൾ നൽകി നിയമ വിരുദ്ധവും അക്രമാസക്തവുമായ ജനക്കൂട്ടത്തെപിരിച്ചുവിടുന്നതിനായുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | 2023 ഡിസംബർ മാസത്തിൽ സെക്രട്ടേറിയറ്റിലേക്ക് കെ.പി.സി.സി. അധ്യക്ഷന്റെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ കോൺഗ്രസ് നടത്തിയ സെക്രട്ടറിയേറ്റ് മാർച്ചിന്റെ ഉദ്ഘാടന വേദിയിലേക്ക് ഗ്രനേഡും ജലപീരങ്കിയും പ്രയോഗിച്ചതായുള്ള അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏത് സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ; | (ബി) | **ഇത്തരമൊരു മാർച്ച് സെക്രട്ടേറിയറ്റിലേക്ക് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | മേൽപ്പറഞ്ഞ, നടന്നതായി പറയപ്പെടുന്ന സംഭവത്തിൽ ചട്ടങ്ങളും മാർഗനിർദ്ദേ ശങ്ങളും അനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു മുന്നറിയിപ്പുകൾ നൽകിയാണോ പ്രസ്തുത ആയുധങ്ങൾ പ്രയോഗിച്ചിട്ടുള്ളത്; അല്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (സി) | **ബാധകമല്ല.** |
| (ഡി) | കെ.പി.സി.സി അധ്യക്ഷനും പ്രതിപക്ഷ നേതാവിനും എം.പിമാർക്കും എം.എൽ.എമാർക്കും എതിരെ പ്രകോപനം ഇല്ലാതെ പോലീസിന്റെ ഭാഗത്തുനിന്ന് വധശ്രമത്തിനു സമാനമായ ആക്രമണം നടത്തിയതായുള്ള ആക്ഷേപത്തെക്കുറിച്ച് ഡിജിപി അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഇതിന്റെ | (ഡി) | **ബാധകമല്ല.** |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ